കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലാ പഞ്ചായത്ത് ആനക്കുളം സെന്റ് ജോസഫ് എൽ.പി സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നല്കുന്നതിന് പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2207/18/ തസ്വഭവ തിരുവനന്തപുരം, തീയതി, 09.08.2018.

പരാമർശം-1. മാങ്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 09/07/2018 ലെ A3-268/18 നമ്പർ കത്ത്.

2. ഇടുക്കി ജില്ലാ പ്ളാനിംഗ് ഓഫീസറുടെ 11.07.2018 ലെ 370(2)/18/DPC/DPO/IDK നമ്പർ കത്ത്.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18/07/2018 തീയതിയിൽ കൂടിയ യോഗത്തിന്റെ 4.15 നമ്പർ തീരുമാനം

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ആനക്കുളം സെന്റ് ജോസഫ് എൽ.പി സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നല്കുന്നതിന് 1,50,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതായും ടി സ്കൂളിൽ കോഴിയറകുടി, അപ്പാറ കുടി, ശേവൽ കുടി എന്നീ പട്ടികജാതി സങ്കേതങ്ങളിലെ കുട്ടികൾ പഠിക്കുന്നുവെന്നുള്ളതിനാൽ ടി പ്രോജക്ട് നടപ്പിലാക്കാൻ പ്രത്യേക അനുമതി നല്കണമെന്നും മാങ്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും ഇടുക്കി ജില്ലാ പ്ളാനിംഗ് ഓഫീസറും പരാമർശം (1), (2) എന്നിവ പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. പട്ടികവർഗ്ഗ കുട്ടികൾ കൂടി പഠിക്കുന്ന സ്കൂൾ ആയതിനാൽ, പരാമർശം (3) ലെ തീരുമാന പ്രകാരം ആനക്കുളം സെന്റ് ജോസഫ് എൽ.പി സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നല്കുന്നതിന് മാങ്കുളം ഗ്രാമ പഞ്ചായത്തിന് പ്രത്യേക അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ഇടുക്കി ജില്ലാ പ്ളാനിംഗ് ഓഫീസർ, ഇടുക്കി ജില്ല

സെക്രട്ടറി/പ്രസിഡണ്ട്, മാങ്കുളം ഗ്രാമ പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഒ.എസ്) വകുപ്പ്, ഡിബി2/263/2018

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ